# മരിക്കാൻ എനിക്കു മനസ്സുണ്ട്

— എന്നെ അങ്ങനെ തോല്പിക്കേണ്ട.
— എന്നെ ആരും കൊച്ചാക്കേണ്ട.
— വിടില്ല ഞാൻ അവനെ.
— അതിനു ഞാൻ പകരം വീട്ടും.
— അവനെ ഞാൻ എന്റെ മുമ്പിൽ വരുത്തും.
— തോൽക്കാൻ എനിക്കു മനസ്സില്ല.

നമ്മുടെ അനുദിന ജീവിതത്തിന്റെ പല തലങ്ങളിൽ കേൾക്കാറുള്ള സംഭാഷണങ്ങളിലെ ചില പ്രയോഗങ്ങളാണ് മുകളിൽ കുറിച്ചത്. ഇതിന്റെയെല്ലാം പിന്നിലുള്ള അർത്ഥമൊന്നേയുള്ളു - എനിക്ക് ആരുടെ മുമ്പിലും ചെറുതാകാൻ കഴിയില്ല. കുട്ടികൾ മുതൽ മുതിർന്നവർ വരെ ഏതു ജീവിതാന്തസ്സിലുള്ളവരിലും ഈ നിലപാട് കാണാം. ചെറുതാകാൻ എനിക്കു മനസ്സില്ല.

വലിയനോമ്പിന്റെ ദിവസങ്ങളിലാണ് നാം. ഇവിടുത്തെ ചിന്താവിഷയമോ കുരിശിൽ ദയനീയമായി പരാജയപ്പെട്ടവന്റെ ജീവചരിത്രം. അതും 33-ാം വയസ്സിൽ കഴുമരത്തിൽ കെട്ടിത്തൂക്കപ്പെട്ടവന്റെ ജീവിതാനുഭവങ്ങൾ. അവന്റെ ജീവിതം നല്കുന്ന പാഠമോ - ചെറുതാകുക. ഗദ്സെമൻ തോട്ടത്തിൽ മനോവേദനയാൽ പുളയുന്ന ഈശോയുടെ ചിത്രമുണ്ട്. പിതാവേ ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിത്തരേണമേ എന്ന നൊമ്പരത്തോടെയുള്ള പ്രാർത്ഥനയും. അതിനുത്തരം പിതാവിന്റെ നിശബ്ദതയാണ്. അവിടെ പിതാവിന്റെ ഹിതത്തിനു മുമ്പിൽ പരാതിയില്ലാതെ, അലമുറയില്ലാതെ ചെറുതാകുന്ന മകനാണ് ഈശോ (മർക്കോസ് 14/36).

കുരിശിൽ തൂക്കപ്പെട്ടവനെ നോക്കി താഴെ നിന്ന് പരിഹാസവും കൂക്കുവിളികളുമായിനിൽക്കുന്ന ജനക്കൂട്ടത്തെയാണ് പീഠാനുഭവചരിത്രം വർണ്ണിക്കുന്നത്. അവസാനം വെല്ലുവിളിയും. നീ ദൈവമാണെങ്കിൽ ഇറങ്ങി വാ. ഇറങ്ങി വരാവുന്നവൻ കഴിവില്ലാത്തവനെപ്പോലെ അവർക്കുമുമ്പിൽ കിടക്കുന്ന ചരിത്രമാണ് കുരിശ്. ഇങ്ങനെ ദൈവത്തിന്റെ മുമ്പിലും മനുഷ്യന്റെ മുമ്പിലും ചെറുതായ ക്രിസ്തു നമ്മെയും ക്ഷണിക്കുന്നത് - അല്പം ചെറുതാകാനാണ്. നോമ്പ് സ്വയം ചെറുതാകാൻ സഭ നമുക്കു നല്കുന്ന അവസരങ്ങളാണ്. ഭക്ഷണത്തിൽ ചില ഉപേക്ഷകൾ വരുത്തുമ്പോൾ, ശീലങ്ങളിൽ ചില രൂപീകരണങ്ങൾ വരുത്തുമ്പോൾ, ചില ആഗ്രഹങ്ങൾ വേണ്ടെന്നു വയ്ക്കുമ്പോൾ നാം അവന്റെ വഴിയേ നടക്കുകയാണ് - ഉത്ഥാനത്തിലേയ്ക്ക്.

പൗലോസ് അപ്പസ്തോലൻ ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട് ''ഇവ മാത്രമല്ല എന്റെ കർത്താവായ യേശുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ് ''.

അതിനാൽ നോമ്പിൽ ചില ഉപേക്ഷിക്കലുകളാകാം -

— മറ്റുള്ളവരോടു ക്ഷമിച്ചു കൊണ്ട്.
— ക്ഷമ ചോദിച്ചുകൊണ്ട്
— ചില ആഗ്രഹങ്ങളെ നിഗ്രഹിച്ചുകൊണ്ട്.
— അലസതയുടെ ആനന്ദങ്ങളെ വേണ്ടെന്നു വച്ചുകൊണ്ട്.
— ശരീരത്തെ നിയന്ത്രിച്ചുകൊണ്ട്.
— പഴയ ചില ദുശീലങ്ങളെ ഉപേക്ഷിച്ചുകൊണ്ട്.
— പുതിയ ശീലങ്ങൾ സ്വീകരിച്ചുകൊണ്ട്.

അങ്ങനെ, നമുക്കും പോയി അവനോടോപ്പം മരിക്കാം - കുരിശിന്റെ വഴി പരിശീലിക്കാം.

**ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ.**